**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2552** **12-12-2022 - ൽ മറുപടിയ്ക്ക്**

**അതിതീവ്ര പ്രളയ ബാധിത പ്രദേശങ്ങളായി നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | 2018-ലെ മഹാപ്രളയത്തിൽ താൽക്കാലികമായി വെള്ളം കയറിയ നഗരസഭകളുടെ അധീനതയിലുള്ള പ്രദേശങ്ങളെ അതിതീവ്ര പ്രളയ ബാധിത പ്രദേശങ്ങളായി കണക്കാക്കി ലോക ബാങ്കിന്റെ സഹായം ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 2016- ലെ കേരള നഗര ഗ്രാമാസൂത്രണ ആക്റ്റിലെ Section 34ൽ 'ദുരന്തം, ദുർബലത, ദുരന്ത സാധ്യത എന്നിവ സംബന്ധിച്ച സാന്ദർഭിക വിശകലനവും ലഘൂകരണത്തിനും പൂർവസ്ഥിതി പ്രാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും' എന്നിവ മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെടുത്തണമെന്നു പ്രതിപാദിച്ചിട്ടുണ്ട്. 2018ലെ മഹാ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ Rebuild Kerala Development Program-ന്റെ (RKDP) ഭാഗമായി World ബാങ്കിന്റെ സാങ്കേതിക സഹായത്തോടെ നഗരാസൂത്രണ വകുപ്പിന്റെയും നഗരസഭകളുടെയും യോജിച്ച പ്രവർത്തനത്തിലൂടെ പ്രയോരിറ്റി ആക്ഷൻ പ്ലാനുകൾ (Priority action Plans) ഉൾപ്പെടുത്തി ദുരന്ത അപായ സാധ്യത കണക്കിലെടുത്തുകൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ (Risk Informed Master Plans) നഗര പ്രദേശങ്ങൾക്ക് തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുകയും പ്രാരംഭത്തിൽ സംസ്ഥാനത്തെ രണ്ടു പട്ടണങ്ങളെ (ചെങ്ങന്നൂർ, മാനന്തവാടി എന്നീ പട്ടണങ്ങൾ) ഇത്തരത്തിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളതാണ്. ആയത് പ്രകാരം ചെങ്ങന്നൂർ, മാനന്തവാടി എന്നീ നഗര പ്രദേശങ്ങൾക്കു സമയബന്ധിതമായി Risk Informed മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതും ആയത് അതാത് നഗരസഭകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മാനന്തവാടി മാസ്റ്റർ പ്ലാൻ 30.06.2021-ൽ നഗരസഭ പ്രസിദ്ധീകരിക്കുകയും, പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലും, നഗരസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, സർക്കാർ അനുമതിയോടെ, നഗരസഭ 02.12.2022-ൽ മാസ്റ്റർ പ്ലാൻ |

| | | | |
|---|---|---|---|
| | | | പുന:പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ മാസ്റ്റർ പ്ലാൻ 30.06.2021-ൽ നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലും,<br><br>ആയതിന്മേൽ നഗരസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, നിലവിൽ മാസ്റ്റർ പ്ലാൻ പുന:പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെങ്ങന്നൂർ നഗരസഭയുമായി ചേർന്ന് തദ്ദേശസ്വയംഭരണ പ്ലാനിങ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ ആരംഭിച്ചിട്ടുള്ളതാണ്. |
| (സി) | ചെങ്ങന്നൂർ നഗരസഭയിലെ 5,6,7 വാർഡുകൾ അതിതീവ്ര പ്രളയബാധിത പ്രദേശങ്ങളായി കണക്കാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് നഗരസഭയുടെ അറിവോടെയാണോ; | (സി) | പ്രസിദ്ധീകരിക്കപ്പെട്ട ചെങ്ങന്നൂർ മാസ്റ്റർ പ്ലാൻ പ്രകാരം risk സോണുകൾ നഗരസഭയിലെ 10 വാർഡുകളിൽ വ്യാപിച്ചിരിക്കുന്നുണ്ടെങ്കിലും 5,6,7 എന്നീ വാർഡുകളാണ് കൂടുതലായി ഉൾപ്പെടുന്നത്. Proposed land use map പ്രകാരം 5,6,7 എന്നീ വാർഡുകളിലെ വിവിധ പ്രദേശങ്ങൾ high, medium, എന്നീ risk സോണുകളിൽ ഉൾപ്പെടുന്നു. മേൽ വാർഡുകളിൽ risk സോണുകളിൽ ഉൾപ്പെടാത്ത പ്രദേശങ്ങളും ഉള്ളതാണ്.<br><br>വാർഡ്തല സർവ്വേ നടത്തി തയാറാക്കിയ കരട് മാസ്റ്റർ പ്ലാൻ നഗരസഭ കൗൺസിലിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആകറ്റിന്റെ സെക്ഷൻ 36(2) പ്രകാരം കരട് മാസ്റ്റർ പ്ലാൻ നഗരസഭ സ്വീകരിക്കുന്നതിനും, ആയത് സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നതിനും 04.06.2021-ലെ നഗരസഭാ യോഗത്തിൽ തീരുമാനംഎടുത്തിട്ടുള്ളതും, തുടർന്ന് സർക്കാർ അനുമതി ലഭിച്ച ശേഷം, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 30.06.2021-ൽ ചെങ്ങന്നൂർ നഗരസഭ പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.<br><br>04/11/2022 ലെ കൗൺസിൽ തീരുമാന പ്രകാരം റിസർവ്വേ നടപടികൾ നടത്തി മാസ്റ്റർ പ്ലാൻ അപാകതകൾ പരിഹരിച്ച് പുനഃപ്രസിദ്ധീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ സർവ്വേ 05/12/2022 -ൽ ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ഡി) | മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിൽ അപാകതയുള്ളതായി നഗരസഭ ആക്ഷേപം | (ഡി) | 30.06.2021-ൽ പ്രസിദ്ധീകരിച്ച മാസ്റ്റർപ്ലാനിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനുള്ള |

| | | | |
|---|---|---|---|
| | ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | | കാലാവധി 28.08.2021-ന കഴിഞ്ഞെങ്കിലും കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്തും, Risk Informed Master Plan എന്ന നിലയിൽ തയ്യാറാക്കിയതിനാൽ സാധാരണ മാസ്റ്റർ പ്ലാനിൽ നിന്നും വ്യത്യസ്തമായി കൂടുതൽ സവിശേഷതകളും സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ച് മനസ്സിലാക്കുന്നതിന് കൂടുതൽ സമയം അനിവാര്യമായതിനാലും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നഗരസഭയിൽ നിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 29.11.2021 ലെ GO(Ms)No.278/2021/LSGD നമ്പർ ഉത്തരവ് പ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനുള്ള കാലാവധി 21.01.2022 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്.<br><br>മാസ്റ്റർ പ്ലാൻ സംബന്ധിച്ച് നഗരസഭയിൽ ആകെ 9 ആക്ഷേപങ്ങൾ ആണ് ലഭിച്ചിരുന്നത്. മാസ്റ്റർ പ്ലാൻ സംബന്ധിച്ച നടപടിക്രമങ്ങൾ കോവിഡ് കാലത്ത് നടന്നതിനാൽ കൗൺസിൽ അംഗങ്ങൾക്ക് മാസ്റ്റർ പ്ലാനിനെ സംബന്ധിച്ച് വ്യക്തമായ നിർദേശങ്ങളോ, അവബോധമോ ലഭിച്ചില്ല എന്നും, മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചിരുന്നില്ല എന്നും, എന്നാൽ പെർമിറ്റ് നൽകുന്ന സമയത്താണ് മാസ്റ്റർ പ്ലാനിലെ അപാകതകൾ വ്യക്തമായതെന്നും, നിലവിൽ 2018-ലെ വെള്ളപൊക്കത്തിൽ പ്രളയം ബാധിക്കാത്ത സ്ഥലങ്ങൾ high റിസ്കിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും, മാസ്റ്റർ പ്ലാനിലെ ഇത്തരം വ്യവസ്ഥകൾ ജനങ്ങൾക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും, സ്പെഷ്യൽ കമ്മിറ്റി യോഗങ്ങൾ, നഗരസഭയിൽ നടന്ന മാസ്റ്റർ പ്ലാൻ അവലോകന യോഗങ്ങൾ എന്നിവയിൽ നഗരസഭാ പ്രതിനിധികൾ അറിയിച്ചിട്ടുള്ളതും തുടർന്ന്, സ്പെഷ്യൽ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ പുന:പ്രസിദ്ധീകരിക്കുന്നതിനു ചെങ്ങന്നൂർ നഗരസഭാ കൗൺസിൽ 04.11.2022-ൽ തീരുമാനമെടുത്തിട്ടുള്ളതുമാണ്. |
| (ഇ) | ചെങ്ങന്നൂർ നഗരസഭയുടെ നിർദ്ദേശമോ | (ഇ) | ചെങ്ങന്നൂർ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി, |

| | | | |
|---|---|---|---|
| | സമ്മതമോ ചർച്ചയോ പഠനമോ ഇല്ലാതെ പ്രസ്തുത പ്രദേശങ്ങളെ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ; | | നഗരസഭ തയ്യാറാക്കിയ ‘നമ്മൾ നമുക്കായി’ റിപ്പോർട്ട്, DDMAയിൽ നിന്നും ലഭ്യമായ District Diasater Management Plan, വിവിധ ഏജൻസികൾ നടത്തിയ പ്രളയവുമായി ബന്ധപ്പെട്ട പഠനങ്ങൾ, എന്നിവയിൽ നിന്നുമാണ് പ്രധാനമായും ദുരന്ത അപായ സാധ്യതയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എടുത്തിട്ടുള്ളത്. മേൽ റിപ്പോർട്ടുകളിൽ വെള്ളപ്പൊക്കത്തിന്റെ തോത് ലഭ്യമല്ലാത്തതിനാൽ, തദ്ദേശസ്വയംഭരണ പ്ലാനിങ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ നിന്നും നഗരസഭയുടെ സഹായത്തോടെ നേരിട്ട് പ്രാഥമിക സർവേ നടത്തിയിരുന്നു. 2018-ലെ വെള്ളപ്പൊക്കത്തിന്റെ അളവുകൾ എടുക്കുന്നതിനായി പട്ടണത്തിലെ വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിൽ സർവേ നടത്തി, വെള്ളപ്പൊക്കത്തിന്റെ തോത് മനസ്സിലാക്കാൻ ഈ അളവുകൾ GIS സാങ്കേതിക വിദ്യ ഉപയോഗിച്ച് മാപ്പ് ചെയ്തു. 2018ലെ പ്രളയബാധിത പ്രദേശങ്ങളിൽ വെള്ളം കയറിയതിൻറെ ഉയരം, വ്യാപ്തി തുടങ്ങിയവ സർവ്വേ നടത്തി ഭൂവിനിയോഗ മാപ്പിൽ ഉൾപ്പെടുത്തുകയും, തുടർന്ന് പ്രളയ ലഘൂകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയ സാഹചര്യം പരിഗണിച്ചും, risk മേഖല വിഭാവനം ചെയ്തിട്ടുള്ളതാണ്. കരട് മാസ്റ്റർ പ്ലാൻ 26.05.2021, 04.06.2021 എന്നീ തിയതികളിൽ നഗരസഭ കൗൺസിലിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. 2016ലെ കേരള നഗര ഗ്രാമാസൂത്രണ ആകറ്റിന്റെ സെക്ഷൻ 36(2) പ്രകാരം കരട് മാസ്റ്റർ പ്ലാൻ നഗരസഭ സ്വീകരിക്കുന്നതിനും, ആയത് സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നതിനും 04.06.2021-ലെ നഗരസഭാ യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതും, തുടർന്ന് സർക്കാർ അനുമതി ലഭിച്ച ശേഷം, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 30.06.2021-ൽ ചെങ്ങന്നൂർ നഗരസഭ പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. |
| (എഫ്) | 2018-ലെ പ്രളയത്തിൽ മാത്രം വെള്ളം കയറിയ പ്രസ്തുത പ്രദേശങ്ങളെ അതിതീവ്ര പ്രളയ ബാധിത പ്രദേശങ്ങളായി കണക്കാക്കി ഭവന നിർമ്മാണങ്ങൾക്ക് കർശന നിയന്ത്രണവും ഭൂമിയുടെ ക്രയവിക്രയങ്ങൾക്ക് വിലക്കും ഏർപ്പെടുത്തിയതിലെ അപാകത പുനഃപരിശോധിച്ച് തിരുത്തൽ നടപടിസ്വീകരിക്കുമോ? | (എഫ്) | ചെങ്ങന്നൂർ നഗരസഭാ പ്രദേശത്ത് പ്രസിദ്ധീകൃത മാസ്റ്റർ പ്ലാൻ പ്രകാരം ഭൂമിയുടെ ക്രയവിക്രയങ്ങൾക്കു യാതൊരുവിധ വിലക്കും ഏർപ്പെടുത്തിയിട്ടില്ല. Risk മേഖലയിൽ മാസ്റ്റർ പ്ലാനിന്റെ മേഖലാ നിയന്ത്രണങ്ങൾ പ്രകാരം കെട്ടിട നിർമ്മാണങ്ങൾക്ക് ദുരന്ത ലഘൂകരണ നടപടിയുടെ ഭാഗമായി നിയന്ത്രണങ്ങളുണ്ട്. കരട് മാസ്റ്റർ പ്ലാനിൽ ആവശ്യമായ ഭേദഗതികൾ |

| | | | |
|---|---|---|---|
| | | | വരുത്തിക്കൊണ്ട് പുനഃപ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ നിലവിലുള്ള മാസ്റ്റർ പ്ലാനിലെ നിയന്ത്രണങ്ങളിൽ മാറ്റം വരുത്താൻ കഴിയുകയുള്ളു. പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൽ അപാകതകൾ ഉള്ളതായി നഗരസഭാ കൗൺസിൽ അഭിപ്രായപ്പെട്ട സാഹചര്യത്തിൽ, ആയത് കൂടി പരിശോധിച്ച് കരട് മാസ്റ്റർ പ്ലാൻ പരിഷ്ക്കരിക്കുന്നതിനും തുടർന്ന് കൗൺസിൽ അനുമതിയോടു കൂടി പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നഗരസഭയുമായി ചേർന്ന് തദ്ദേശസ്വയംഭരണ പ്ലാനിങ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ ആരംഭിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ